(ഇ) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തുനിന്ന് എത്ര ഭൂമിയാണ് ആവശ്യമെന്നും ആയതിന് എത്ര തുക ആവശ്യമായിവരുമെന്നും അറിയിക്കാനായി ജനറൽ മാനേജർ, സതേൺ റെയിൽവേ, ചെന്നൈക്കും ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), സതേൺ റെയിൽവേ, എഞ്ചിനീയർ (കൺസ്ട്രക്ഷൻ), സതേൺ റെയിൽവേ, എറണാകുളത്തിനും കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

എന്റെ സംഘം കാമ്പയിൻ

76 (4658) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ 'എന്റെ സംഘം' കാമ്പയിൻ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെങ്കിലും ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഇതുവഴി സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തെയും അവർ അംഗങ്ങളായ സംഘത്തിന്റെ/ ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കേണ്ട ഉണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വല മാക്കുന്നതിനും എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ/ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഈ കാമ്പയിനിൽ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ മരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ മരണ സമിതി അംഗങ്ങൾ, ജീവനക്കാർ, ജീവനക്കാരുടെ സംഘടനകൾ, സഹകാരികൾ എന്നിവരും സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ വകുപ്പിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിലുള്ള ഉദ്യോഗസ്ഥർ, കൂടാതെ പൊതുജനങ്ങളുടെയും സഹകരണം ഉണ്ടായിട്ടുണ്ട്.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും വിലയിരുത്തലിനുമായി താലൂക്ക തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ്. അസോസിയേഷൻ താലൂക്കതല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കതല യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായുള്ള കമ്മിറ്റിയും, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്), സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (മരണം) കൺവീനറുമായുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിപ്രകാരമുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി കാലയളവിൽ നിരവധി സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനം

77 (4659) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത് ; തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നാണ് ലഭിച്ചത് ; പ്രസ്തുത ലിസ്റ്റിൽനിന്നും കൂടിക്കാഴ്ച നടത്തി നിയമനം നൽകാത്തതിന് കാരണം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly